മി. സ്പീക്കർ : സമ്മർ വെക്കേഷനു മുമ്പായി കിട്ടണമെങ്കിൽ, പ്രൈവറ്റ്സ്കൂൾ ടീച്ചേഴ്സിനു്, വെക്കേഷനുമുൻപു 8 മാസത്തെ സർവ്വീസുണ്ടായിരിക്കണമെന്നുള്ള വ്യവസ്ഥമൂലം പ്രൈവറ്റ്സ്കൂൾ ടീച്ചേഴ്സിനു നേരിട്ടിരിക്കുന്ന വിഷമങ്ങൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രീ. പി. പി. ജോർജ് മൂലം 61 അനുസരിച്ചു് ഒരു നോട്ടീസു തന്നിട്ടുണ്ടു്. നിരന്തരമായി കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കടലാക്രമംമൂലം സംജാതമായിരിക്കുന്ന ഗുരുതരാവസ്ഥ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെടുത്തുന്നതിനു് ശ്രീ. എ. എസ്. പുരുഷോത്തമൻ ഒരു നോട്ടീസു നൽകിയിട്ടുണ്ടു്.

കോഴിക്കോട്ടു ജില്ലയിൽ തിരുവണ്ണൂർ കോട്ടൺമിൽ, മോഡേൺടയിൽ ഫാക്ടറി, കാലിക്കറ്റ് മോഡേൺ സ്പിന്നിംഗ്മിൽ മുതലായവ പൂട്ടിയിട്ടതിനെത്തുടർന്നു നാലായിരം തൊഴിലാളികൾക്കു് തൊഴിലില്ലാതായതുമൂലം ഉണ്ടായിരിക്കുന്ന ഗുരുതരാവസ്ഥ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെടുത്താൻ ശ്രീ. ചാത്തുണ്ണി മാസ്റ്റർ ഒരു നോട്ടീസു തന്നിട്ടുണ്ടു്.

1969–70 സ്കൂൾവർഷത്തേക്കു് ടി. ടി. സി. കോഴ്സിനുള്ള കുട്ടികളെ ഇതുവരെ തിരഞ്ഞെടുക്കാത്തതുമൂലം ഉളവായിട്ടുള്ള സ്ഥിതിവിശേഷം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു് ശ്രീ. പി. എൻ. ചന്ദ്രസേനൻ നോട്ടീസു നൽകിയിട്ടുണ്ടു്.

മലബാറ്ലെ ചെത്തു തൊഴിലാളികൾക്കും, തിരു–കൊച്ചിപ്രദേശത്തെ ചെത്തു തൊഴിലാളികൾക്കുലഭിക്കുന്ന ആനുകൂല്യങ്ങൾ കിട്ടത്തക്കവണ്ണം ആവശ്യമായ നടപടികൾ എടുക്കുന്നതിന്റെ ആവശ്യകത ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണു ശ്രീ ഗോവിന്ദപ്പണിക്കർ നോട്ടീസു് തന്നിട്ടുള്ളതു്.

മാനേജ്മെൻറും തൊഴിലാളികളും തമ്മിൽ ഉണ്ടായിട്ടുള്ള ചില തർക്കങ്ങളെത്തുടർന്നു് ചെങ്ങമനാട്ടു തോഷിബാ ആനന്ദ് ലാക്കൗട്ടു ചെയ്തതുമൂലം സംജാതമായിട്ടുള്ള ഗുരുതരാവസ്ഥ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു് ശ്രീ. എ. പി. കുര്യൻ, ശ്രീ. കെ. എം. ജോർജ് എന്നിവർ നോട്ടീസു നൽകിയിട്ടുണ്ടു്,

ഒഴിപ്പിക്കൽ നടപടികൾ നിറുത്തിവയ്ക്കുന്നതിനുവേണ്ടി, ചിത്രപുരത്തു സബ് കളക്ടരുടെ ആഫീസിനുമുൻപിൽ നടത്തിവരുന്ന സത്യാഗ്രഹം മൂലം ഉണ്ടായിട്ടുള്ള സ്ഥിതിവിശേഷം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനു് ശ്രീ ഗണപതി നോട്ടീസു തന്നിട്ടുണ്ടു്, ബോണസു അനുവദിച്ചു കിട്ടുന്നതിനുവേണ്ടി ഒരു ലക്ഷത്തോളം കശുവണ്ടിതൊഴിലാളികൾ തുടങ്ങിയിരിക്കുന്ന പണിമുടക്കുമൂലം ഉണ്ടായിരിക്കുന്ന ഗുരുതരാവസ്ഥ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണു് ആർ. എസ്. ഉണ്ണി നോട്ടീസു നൽകിയിരിക്കുന്നതു്. ഞാറയ്ക്കൽ വില്ലേജിലുള്ള, 'ഹരിജൻ കോളനി' ചിലർ കൈയ്യേറുകയും അവിടെ ഉണ്ടായിരുന്ന സാധനങ്ങൾ നശിപ്പിക്കുകയും ചെയ്തതുമൂലം ഉണ്ടായിട്ടുള്ള ഗുരുതരാവസ്ഥ ഗവണ്മെൻറിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനായി ശ്രീ ചന്ദ്രശേഖരശാസ്ത്രി നോട്ടീസു നൽകിയിട്ടുണ്ടു്.

ഈ കാര്യങ്ങൾ ബന്ധപ്പെട്ട മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണു്.

V LEGISLATIVE BUSINESS

The Kerala Panchayati Raj Bill, 1967. Motion for consideration.–

Mr Speaker : We shall now resume discussion on the motion for consideration of the Kerala Panchayati Raj Bill.

ശ്രീ. എം. കെ. കേളു : ഞാൻ ഇന്നലെ പറഞ്ഞു നിറുത്തിയതു് മുനിസിപ്പാലിറ്റികളുടേയും കാർപ്പറേഷനുകളുടേയും കാര്യത്തെ സംബന്ധിച്ചാണു്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായ ഈ മൂന്നുസ്ഥാപനങ്ങളും, പഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും, കാർപ്പറേഷനുകളും ജില്ലാസമിതികളുടെ നിയന്ത്രണത്തിൽ വരുമ്പോഴും

LIBRARY ARCHIVES Kerala Legislative Assembly

മുൻസിപ്പാലിറ്റികൾക്കും, കാർപ്പറേഷനുകൾക്കും ഇന്നു കിട്ടിവരുന്ന ആനുകൂല്യങ്ങൾ വളരെയധികം കുറഞ്ഞുപോകാൻ ഇടയുണ്ട്. പട്ടണപ്രദേശങ്ങളിൽ ഇന്നത്തെ ജനസാന്ദ്രതയും പട്ടണപ്രദേശങ്ങളിൽ ആവശ്യമായി വരുന്ന ശുചീകരണ പ്രവർത്തനങ്ങളും മറ്റും നോക്കുമ്പോൾ ഗവണ്മെൻറിൽനിന്നും കിട്ടുന്ന ഗ്രാൻറും ലോണും മറ്റും കൊണ്ടാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ഇത്തരം പ്രദേശങ്ങളെ അഭിവൃദ്ധിപ്പെടുത്തേണ്ടത്. അതുകൊണ്ട് ജില്ലാസമിതികളുടെ നിയന്ത്രണത്തിൽ നിന്ന് മുൻസിപ്പാലിറ്റികളേയും കാർപ്പറേഷനുകളേയും മാറ്റേണ്ടതാണെന്നാണ് എൻറെ അഭിപ്രായം. ഈ കാര്യത്തെസംബന്ധിച്ചിടത്തോളം മുൻസിപ്പൽ ചേമ്പേഴ്സിൻറെ അഭിപ്രായവും, അവരുടെ സമ്മേളനത്തിൻറെ തീരുമാനവും എല്ലാംതന്നെ ഈ ഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ട്. അതുകൊണ്ട് ഈ ബില്ലിൻറെ ജില്ലാകൌൺസിൽ എന്ന വകുപ്പിൽനിന്ന് മുൻസിപ്പാലിറ്റികളേയും കാർപ്പറേഷനുകളേയും വേർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്നു 'നഗരസഭകളെ സംബന്ധിച്ച് ജില്ലാകളക്ടർക്കുണ്ടാകുന്ന അധികാരങ്ങളിൽ കവിഞ്ഞയാതൊരു അധികാരവും നിയന്ത്രണവും ജില്ലാകൌൺസിലുകൾക്ക് നഗരസഭകളുടെമേൽ ഉണ്ടാകാൻ പാടില്ലെന്നുള്ളതാണ് എൻറെ വ്യക്തമായ അഭിപ്രായം. അതുകൊണ്ട് രാജ്യത്തിലെ വികസനപ്രവർത്തനങ്ങളുടെ ഇന്നത്തെ നില മനസിലാക്കിക്കൊണ്ടും, ഗ്രാമപഞ്ചായത്തുകളിൽനിന്നു വ്യത്യസ്തപ്പെട്ട രീതിയിലാണ് പട്ടണ പ്രദേശങ്ങളിലെ മുൻസിപ്പാലിറ്റികൾ പ്രവർത്തനം നടത്തുന്നതെന്നുള്ളതു മനസിലാക്കിക്കൊണ്ടും, അതുപോലെതന്നെ കാർപ്പറേഷനുകൾക്കുള്ള ബാദ്ധ്യതയെ സംബന്ധിച്ചുമുള്ള കാര്യങ്ങളൊക്കെ കണക്കിലെടുക്കുമ്പോൾ ഈ മൂന്നു തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളേയും ഒരുപോലെ കണക്കാക്കിക്കൊണ്ട് നടപടികൾ സ്വീകരിക്കുന്നതു് ശരിയായിരിക്കുകയില്ല. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ പരിശോധിച്ച് ജില്ലാസമിതികളുടെ നിയന്ത്രണത്തിൽനിന്നും മുൻസിപ്പാലിറ്റികളേയും കാർപ്പറേഷനുകളേയും ഒഴിവാക്കേണ്ടതാണ്.

മറ്റു ചില കാര്യങ്ങളെ സംബന്ധിച്ച് വേണമെങ്കിൽ വകുപ്പുകളുടെ ചർച്ച വരുമ്പോൾ ഭേദഗതികൾ അവതരിപ്പിച്ചുകൊണ്ട് സംസാരിക്കാം. പിന്നെ ഇവിടെ ഈ ബില്ലിൻറെ പേരിനെ സംബന്ധിച്ച കാര്യം പറഞ്ഞുകേട്ടു. പേരിൽ നിന്നുള്ളഗ്രഹണം എത്ര ഉണ്ടായാലും അനുഭവമാണ് നമുക്കാവശ്യം. നമ്മുടെ രാജ്യത്ത് സോഷ്യലിസത്തിലേക്കുള്ള ഭരണരീതിയാണ്, ആ നയമാണ് അംഗീകരിച്ചിട്ടുള്ളതെങ്കിലും മുതലാളിത്ത രീതിയിലുള്ള ഭരണമാണ് ഇവിടെ നടക്കുന്നതെന്നുള്ളതുകൊണ്ട് സോഷ്യലിസത്തിൻറെ ഗുണമൊന്നും ലഭിക്കാറില്ല: അതുകൊണ്ട് പഞ്ചായത്തു രാജ്ബിൽ എന്നുള്ളതു മാറ്റി തദ്ദേശസ്വയംഭരണ സ്ഥാപനബില്ലെന്നു ആക്കിയതുകൊണ്ട്, പേരു് മാറ്റിയതുകൊണ്ട്, ഒരു അപകടവും ഉണ്ടാകാൻ പോകുന്നില്ല. ഉള്ളടക്കത്തിൽ ആവശ്യമായമാറ്റങ്ങൾ വരുത്തിക്കൊണ്ട് മുൻസിപ്പാലിറ്റികളേയും കാർപ്പറേഷനുകളേയും ജില്ലാകൌൺസിലിൻറെ പരിധിയിൽ നിന്നു ഒഴിവാക്കണം. ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് അന്നത്തെ മന്ത്രിചെയ്ത പ്രസംഗത്തിൽ നിന്നും, സെലക്ട്കമ്മിറ്റി റിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് ഇന്നത്തെ ബഹു: മന്ത്രി ചെയ്ത പ്രസംഗത്തിൽനിന്നും എനിക്ക് വ്യക്തമായി മനസ്സിലാക്കാൻ സാധിച്ചതു് ഇവിടെ നടക്കുന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ഈ ബില്ലിൽ ആവശ്യമായ ഭേദഗതികൾ വരുത്തുമെന്നാണ്. ആ അടിസ്ഥാനത്തിൽ ഇവിടെ നടന്ന ചർച്ചകളിൽ പങ്കെടുത്ത ബഹുമാനപ്പെട്ട മെമ്പറന്മാരുടെഅഭിപ്രായങ്ങൾ കണക്കിലെടുത്തുകൊണ്ട് ജില്ലാകൌൺസിലിൻറെ പരിധിയിൽനിന്നു മുൻസിപ്പാലിറ്റികളേയും കാർപ്പറേഷനുകളേയും ഒഴിവാക്കേണ്ടതാണെന്നു് ഒരിക്കൽകൂടി അഭ്യർത്ഥിക്കുകയാണ്. അതു് തീർച്ചയായും ബഹുമാനപ്പെട്ട മന്ത്രി പരിഗണിക്കുമെന്നുള്ള വിശ്വാസത്തോടുകൂടി ഞാൻ എൻറെ വാക്കുകൾ അവസാനിപ്പിക്കുന്നു.

Shri S. P. Luiz : Sir, I have great pleasure in supporting this Bill I warmly approbate the sponsor for having introduced such a Bill in this

LIBRARY ARCHIVES Kerala Legislative Assembly

Assembly. Sir, this Bill, incidentally, will be a living monument, be a memorial to our late Minister Shri Ahammed Kurikkal who has been the architect of this Bill; it rebounds to the credit of this Shri Kurikkal. Sir, while accepting this Bill with all my heart, I want to place certain suggestions before the House, which I think the Hon. Minister may kindly consider when the Bill is taken into consideration clause by clause.

Sir, in the Constitution of India reservation is given to certain minority communities and scheduled castes. I wish to point out that in the Bill reservation has been given for the scheduled castes and scheduled tribes in the District Councils. Sir, there are backward and minority communities in the State who do require representation in the Council to voice freely their various suggestions. But in this Bill, very unfortunately, that under clause 13 (k) Government have eliminated certain persons who have contributed to the State in no small volume. I am particularly referring to the plantation community and the business and trade interests. Sir, this is a secular State which is aspiring to re-orient the whole administration at the district level. So let us extend adequate representation to the minorities, to the commercial people and also to the plantation community who have large-scale plantations in the State. Virtually, they are the backbone of the financial and industrial structure of this State. I request you to find out a way by which the plantation community and the business community are given representation in these District Councils.

Coming to the minorities Sir, I wish to make no secret of the fact that I would insist on representation for Anglo-Indians in the Council, at least in those areas where they are in large numbers, like Cochin, Ernakulam, Quilon, etc. Coming to the other minorities like Blacksmiths, Konginese, Gaudasaraswath Brahmins, etc., I would request Government to give representation to them also by some means or other wherever they exist in large numbers.

Sir, I find that the Subjects of primary and secondary education is given over to the District Councils. It should not be brought within the purview of the District Councils. The education should definitely be a Government subject. I do welcome the idea that education should be implemented vigorously at the district level. While some particular communities are given due encouragement for education, it would be useful if Latin Catholics are given ample opportunity to learn Latin, Tamilians Tamil and Canarese Kannada. As a matter of fact, I dont' think that education should be handled by the District Councils as such.

Sir, I also wish to point out that there seems to be an unsocial element or feeling as far as distribution of Panchayats are concerned. In regard to some Panchayats, their revenue is very very low. Yet they exist only as a Panchayats. By virtue of their revenue, it is impossible for the Panchayats after paying the salary to the staff, meeting maintenance charges of buildings, etc., to do anything, to do any benefit in that Panchayat area. It would be best, Sir, if the Panchayats are delimited once for all and a new orientation is given to these Panchayats, not based on their population, not based

LIBRARY ARCHIVES Kerala Legislative Assembly

on geographical extent, but by virtue of their revenue. It would be best if some type of social pattern is there, by this so that the Panchayats may have a prescribed revenue and I would request you to delimit the Panchayats on that basis and not as at present.

Sir, one more point which is looming large in my mind is the fact that here we are going to have elections. In a democratic set up, it is unavoidable. But I do not see, I am open to correction, any provision fixing the amount that a candidate will be allowed to spend for election to become get elected to these district councils. Sir, for Parliament election, a candidate is allowed to spend Rs. 25,000 and for the Assembly Rs. 7500. But here it would be safe Sir, particularly for those who have to face income-tax problems, if a quota is fixed as the maximum amount that a candidate could spend for the purpose of standing in an election and also a condition is made that election returns should also be submitted to the authorities concerned.

Sir, I don't wish to deal with at length since opportunities will be there when we discuss clause by clause. I once again wish to warmly congratulate Government for moving this Bill. My earnest prayer is that the Bill should not be delayed and as envisaged and promised, whatever may be the hardships or problems involved, the Bill should be implemented and finalised and all elections conducted early.

ശ്രീ. കെ. ചന്ദ്രശേഖര ശാസ്ത്രി : സർ, ഇവിടെ ചർച്ചചെയ്യുകൊണ്ടിരിക്കുന്ന പഞ്ചായത്ത്‌രാജ് ബില്ലിനെ ഞാൻ സ്വാഗതംചെയ്യുകയാണ്. നമ്മുടെ രാജ്യത്ത് ഇന്ന് നിലവിലുള്ള ഭരണസംവിധാനത്തിന് ഒരു മാറ്റം വരുത്തുന്ന ബില്ലാണ് ഇത്. ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചിട്ട് ഏതാണ്ട് ഇരുപത്തിരണ്ട് വർഷത്തോളമായി. ഈ കാലഘട്ടത്തിനിടയിൽ ഭരണസംവിധാനത്തിൽ ഇൻഡ്യയ്ക്കാകമാനം സ്വീകരിക്കാവുന്ന ഒരു പാറ്റേൺ ഉണ്ടായിട്ടില്ല. എന്നാൽ ഇൻഡ്യയ്ക്ക് പല കാര്യങ്ങളിലും മാതൃക കാണിച്ചുകൊടുക്കുന്ന കൊച്ചുസംസ്ഥാനമായ കേരളം ഇൻഡ്യയ്ക്ക് ആകമാനം സ്വീകരിക്കാവുന്ന വിധത്തിലുള്ള ഭരണസംവിധാനത്തിന്റെ മാതൃക കാണിക്കുന്നതിനുവേണ്ടി തയാറാക്കിയിട്ടുള്ള ഒരു ബില്ലാണ് ഇത്. കഴിഞ്ഞ ഇരുപത്തിരണ്ട് കൊല്ലമായി നമ്മുടെ സംസ്ഥാനമുൾപ്പെടെ ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളും ബ്രിട്ടീഷുകാരുടെ ഭരണത്തിന്റെ അതേ നിഴലിൽക്കൂടി തന്നെയാണ് ഭരണം നടത്തിക്കൊണ്ടു വന്നത്. അതിനൊരു മാറ്റം ഉണ്ടാക്കുന്നതാണ് പഞ്ചായത്ത്‌രാജ് ബിൽ. അതേപോലെതന്നെ നമ്മുടെ സംസ്ഥാനത്തു മാത്രമല്ല ഇൻഡ്യയിലെ ആകെയുള്ള ഭരണസമ്പ്രദായത്തിലുണ്ടായിക്കൊണ്ടിരിക്കുന്ന ചൂഷണ നാട സമ്പ്രദായവും, കാലതാമസവും മാറ്റി എടുക്കുന്നതിനു പര്യാപ്തമായ ഒരു ബില്ലാണ് ഇത്. ഇന്ന് നമ്മുടെ സർവ്വീസിൽ കടന്നുകൂടിയിട്ടുള്ള ഉദ്യോഗസ്ഥ മേധാവിത്വത്തിനു കടിഞ്ഞാൺ ഇട്ടുകൊണ്ടുള്ള ഒരു ബില്ലാണ് ഇത്. നമ്മുടെ സംസ്ഥാനത്തുണ്ടാകുന്ന ഗവണ്മെന്റുകൾ എത്രതന്നെ നിയമങ്ങളും ചട്ടങ്ങളും ഉണ്ടാക്കിയാലും, അത് അതത കാലങ്ങളിൽ ജനങ്ങൾക്ക് അനുഭവയോഗ്യമാക്കിത്തീർക്കുന്നതിന് സാധിക്കാതെയാണിരിക്കുന്നത്. കാരണം അവ നടപ്പിലാക്കുന്നതിൽ നമ്മുടെ സംസ്ഥാനത്തെ ഉദ്യോഗസ്ഥമേധാവിത്വം കാട്ടിക്കൂട്ടുന്ന ഏർപ്പാടുകളാണ്. ആ ഏർപ്പാട് ഈ ബില്ലുകൊണ്ട് ഏറെക്കുറെ പരിഹരിക്കാൻ സാധിക്കുമെന്നു ഞാൻ വിശ്വസിക്കുകയാണ്. സർ, ഗവണ്മെന്റു ഉണ്ടാക്കുന്ന നിയമങ്ങളും ചട്ടങ്ങളും എല്ലാംതന്നെ, അത് കൈകാര്യംചെയ്യുന്ന ഉദ്യോഗസ്ഥന്മാർ, അവരുടെ ചിന്താഗതിക്കനുസരിച്ച് ദുർവ്യാഖ്യാനംചെയ്ത് അത് നടപ്പിലാക്കുന്നതിനു കാലതാമസം വരുത്തുകയും, അത് വളച്ചൊടിച്ച് ജനങ്ങൾക്ക് ഉപദ്രവകരമാക്കിത്തീർക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യും. അത്തരത്തിലുള്ള ഭരണസംവിധാനത്തിനു് ഒരു മാറ്റം വരുത്തുന്നതിനു് വളരെയധികം ഉപകരിക്കുന്ന ഒരു ബില്ലാണു് ഇതു്. മഹാത്മാഗാന്ധി വിഭാവന ചെയ്തിരുന്ന ഗ്രാമസ്വരാജു് ഈ ഉദ്ദേശത്തോടുകൂടിയായിരുന്നു. പഞ്ചായത്തു് രാജു് ബിൽ ഇവിടെ കൊണ്ടുവന്നതിൽ അന്തരിച്ചുപോയ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. അഹമ്മദു കുരിക്കളോടു എനിക്കു് അതിയായ കൃതജ്ഞതയുണ്ടു്.

സർ, ഈ ബില്ലിന്റെ വിശദാംശങ്ങളിലേക്കു് ഞാൻ കടക്കുന്നില്ല. ഈ ബില്ലിന്റെ കർത്താവും, അതുപോലെതന്നെ സെലക്ടു കമ്മിറ്റി അംഗങ്ങളും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു് ഒരു ജില്ലയിൽ ഒരു സീറ്റുമാത്രം എറിഞ്ഞുകൊടുത്തിരിക്കുകയാണു്. ആ ഒരു സീറ്റുതന്നെ എറിഞ്ഞുകൊടുത്തിരിക്കുന്നതു് എന്തോ ദാനംചെയ്യുന്ന മട്ടിലാണു്. ഈ ദാനംചെയ്യുന്ന മട്ടു് ഈ ബില്ലിൽ കണ്ടപ്പോഴും, ഈ രാജ്യത്തു് ഭരണഘടന ഇല്ലായിരുന്നുവെങ്കിൽ, പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ കാര്യം ഈ ഗവണ്മെൻറുതന്നെ ശരിയായ രീതിയിൽ പരിശോധിക്കുമായിരുന്നുവോ എന്നു് എനിക്കു തോന്നിപ്പോയി. ഈ നിയമസഭയിൽതന്നെ പട്ടികജാതി പട്ടിക വർഗ്ഗക്കാരിൽനിന്നും ഏതാണ്ടു് പതിമൂന്നു് പേർ മെമ്പറന്മാരായിട്ടുണ്ടു്. അതുപോലെ പാർലമെൻറിലേക്കു് നമ്മുടെ സംസ്ഥാനത്തുനിന്നും മൂന്നുപേരും ഉണ്ടു്. ഈ ബിൽ ഇതേ രീതിയിൽ പാസാക്കി നടപ്പിൽവന്നുകഴിഞ്ഞാൽ മലപ്പുറംജില്ല ഉൾപ്പെടെ പത്തു് ജില്ലകളിലുംകൂടി പത്തു് പട്ടികജാതി പട്ടികവർഗ്ഗക്കാരാണു് കൗൺസിലിലേക്കു് വരുന്നതു്. സർ, ഇതു് ഒരു വിരോധാഭാസമാണു്. അൻപതിനായിരം വോട്ടറന്മാർ ഉണ്ടെങ്കിൽ അതു് ഒരു തെരഞ്ഞെടുപ്പുമണ്ഡലം ആയിരിക്കുമെന്നു് പറഞ്ഞിട്ടുണ്ടു്. ആ മണ്ഡലങ്ങളിൽനിന്നും മത്സരിക്കുവാൻ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു് അധികാരം ഉണ്ടെങ്കിലും അവർക്കുവേണ്ടി സംവരണംചെയ്തിരിക്കുന്നതു് ഒരൊറ്റ സീറ്റു മാത്രമാണു്. ഉദാഹരണമായി ഞാൻ പ്രതിനിധാനം ചെയ്യുന്ന കൊല്ലം ജില്ലയിൽനിന്നു് രണ്ടു നിയമസഭാ സാമാജികന്മാരുണ്ടു്, ഒരു പാർലമെൻറു മെമ്പറും ഉണ്ടു്. കൊല്ലം ജില്ലയിൽ പഞ്ചായത്തു രാജു് ബിൽ നടപ്പിലാക്കി കഴിഞ്ഞാൽ കൗൺസിലിലേക്കു് വരുന്നതു് ഒരൊറ്റ മെമ്പർ മാത്രമായിരിക്കും. എന്റെ അഭിപ്രായത്തിൽ അൻപതിനായിരം വോട്ടറന്മാർ ഉണ്ടെങ്കിൽ അവിടെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു് ഒരു മണ്ഡലം കൊടുക്കണമെന്നാണു്. ജനസംഖ്യയുടെ ആകെമൊത്തം കണക്കാക്കി, പട്ടികജാതി പട്ടികവർഗ്ഗക്കാർ എത്രയുണ്ടോ, അവർക്കു് അത്രയും സീറ്റു റിസർവു ചെയ്യണം. അതാണു് ജനാധിപത്യം. അങ്ങനെ ചെയ്യാതെ ഈ ബില്ലിൽ ഏതാണ്ടു് ദാനംചെയ്യുന്ന മട്ടിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു് ഒരു സീറ്റു കൊടുക്കാമെന്നാണു് പറഞ്ഞിരിക്കുന്നതു്. ഇതിന്റെ ചാർജ്ജു് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി ഇതിലൊരു മാറ്റം വരുത്തണമെന്നു് ഞാൻ അപേക്ഷിക്കുകയാണു്. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ശിവരാമഭാരതി നമ്മുടെ സംസ്ഥാനത്തു് 60 ശതമാനത്തോളം പട്ടികജാതി പട്ടികവർഗ്ഗക്കാരുണ്ടെന്നു് പറയുകയുണ്ടായി.

ശ്രീ. കെ. എ. ശിവരാമഭാരതി : നമ്മുടെ സംസ്ഥാനത്തു് 60 ശതമാനം പട്ടികജാതി പട്ടികവർഗ്ഗക്കാരുണ്ടെന്നല്ല ഞാൻ പറഞ്ഞതു്, 60 ശതമാനം പിന്നോക്ക സമുദായക്കാരുണ്ടെന്നാണു് ഞാൻ പറഞ്ഞതു്.

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : പിന്നോക്കസമുദായം എന്നു പറയുമ്പോൾ ഈ സംസ്ഥാനത്തുള്ള ഈഴവ സമുദായവും അതിൽ പെടും. അവർക്കു് തെരഞ്ഞെടുപ്പിൽ പ്രത്യേകം മണ്ഡലങ്ങൾ സംവരണം ചെയ്തിട്ടില്ല.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : നിയമസഭയിലും പാർലമെൻറിലും നൽകിയിരിക്കുന്ന അതേ ക്രമത്തിൽ പട്ടികജാതി പട്ടികവർഗ്ഗങ്ങൾക്കു് ഡിസ്ട്രിക്ടു കൗൺസിലിലും സീറ്റു റിസർവുചെയ്യുന്നതിനുള്ള തത്വം സ്വീകരിക്കുന്നതല്ലേ നല്ലതു് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : ഞാൻ നിന്ന മത്സരിച്ച മണ്ഡലത്തിൽ 78000 വോട്ടറന്മാരാണുള്ളത്. അതേസമയം നമ്മുടെ സംസ്ഥാനത്തിൽ 50000 വോട്ടറന്മാർ ഉള്ള മണ്ഡലങ്ങളും ഉണ്ട്. ഞാൻ പറഞ്ഞത് ഒരു ജില്ലയിലെ പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ ആകെ മൊത്തം വോട്ടറന്മാരുടെ എണ്ണം കണക്കാക്കി, അതിനെ അൻപതിനായിരംവീതം വിഭജിച്ച് അത്രയും സീറ്റ് പട്ടികജാതി പട്ടികവർഗ്ഗക്കാക്ക് വേണ്ടി റിസർവു ചെയ്യണമെന്നാണ്. അങ്ങനെ ചെയ്യാതെ ഒരൊറ്റ സീറ്റു മാത്രം ഒരു ജില്ലയിൽ എറിഞ്ഞു കൊടുത്തിരിക്കുന്ന ഈ ഏർപ്പാട് പ്രക്ഷോഭണത്തിനുതന്നെ വഴിതെളിക്കുമെന്നു പറയാൻ ഞാനാഗ്രഹിക്കുന്നു. നമ്മുടെ സംസ്ഥാനത്തു് ആകെ ജനസംഖ്യയുടെ മുപ്പത്തിമൂന്നര ശതമാനം പട്ടികജാതി പട്ടിക വർഗ്ഗക്കാരുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. അത്രയും ആളുകൾക്ക് വെറും പത്തു് സീറ്റുമാത്രം നീക്കിവച്ചിരിക്കുന്നതു് ഒരിക്കലും ശരിയല്ല. അതിൽ ഒരു മാറ്റം വരുത്തണമെന്നു് ഞാൻ പ്രത്യേകമായി അഭ്യർത്ഥിക്കുകയാണു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഓരോ ഡിസ്ട്രിക്ടിലും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു വേണ്ടി പത്തു് ശതമാനം സീറ്റു റിസർവു ചെയ്യുന്നതായിരിക്കുകയില്ലേ പ്രായോഗികമായിട്ടുള്ളതു് ?

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : ഞാൻ പറഞ്ഞതു് ജനസംഖ്യയുടെ കാര്യമല്ല, ജനസംഖ്യയും വോട്ടറന്മാരും തമ്മിൽ വ്യത്യാസമുണ്ടെന്നാണു് ഞാൻ വിശ്വസിക്കുന്നതു്.

ശ്രീ. പി. കെ. രാഘവൻ : ജില്ലാ കൗൺസിലിൽ ഉണ്ടാകുന്ന വോട്ടിന്റെ പത്തു് ശതമാനം പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു് റിസർവുചെയ്യുകയാണെങ്കിൽ അതു് ശരിയായ നടപടിയായി അംഗീകരിക്കുമോ ?

ശ്രീ. കെ ചന്ദ്രശേഖരശാസ്ത്രി : പട്ടികജാതി പട്ടികവർഗ്ഗക്കാർക്കു് പത്തു് ശതമാനം സീറ്റു റിസർവുചെയ്യാമെന്നു് ബില്ലിൽ എടുത്തു പറഞ്ഞിരുന്നുവെങ്കിൽ ഞാൻ ഇവിടെ പറഞ്ഞ അഭിപ്രായംതന്നെ ഒന്നുകൂടി യാഥാർത്ഥ്യമാകുമായിരുന്നു.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും ജില്ലാ കൗൺസിലിലേക്കു് ഉള്ള തിരഞ്ഞെടുപ്പിൽ പത്തു് ശതമാനം സീറ്റു റിസർവു ചെയ്യാമെന്നുള്ള ഭേദഗതി കൊണ്ടുവരുന്നതു് സ്വാഗതാർഹമായിരിക്കുമെന്നു് ബഹുമാനപ്പെട്ട മെമ്പർ കരുതുന്നുണ്ടോ ?

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : എന്റെ അഭിപ്രായം എന്താണെന്നുവെച്ചാൽ ഓരോ ജില്ലകളിലും ഉള്ള മൊത്തം ജനസംഖ്യയുടെ കണക്കെടുത്തു് അതിൽ അൻപതിനായിരംവീതം കണക്കാക്കി, പട്ടികജാതിക്കാർ എത്രയുണ്ടോ അതനുസരിച്ചുള്ള സീറ്റു പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുവേണ്ടി റിസർവു ചെയ്യണമെന്നാണു്.

ശ്രീ. എം. രാമുണ്ണി : ബഹുമാനപ്പെട്ട മെമ്പർ ഇപ്പോൾ പറഞ്ഞ കണക്കനുസരിച്ചായാലും പത്തു് ശതമാനംമാത്രമേ വരികയുള്ളുവെന്നറിയാമോ ?

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : പത്തുശതമാനം വരുമെങ്കിൽ അതു വളരെ നല്ലതാണു്. ഹരിജനങ്ങളും ഇല്ലാത്ത മണ്ഡലങ്ങളും ഉണ്ടെന്നുപറഞ്ഞു. അതു് ശരിയല്ല. നമ്മുടെ സംസ്ഥാനത്തു് ഹരിജനങ്ങളും ഇല്ലാത്ത ഒരു നിയോജകമണ്ഡലവുമില്ല. പക്ഷെ ചില സ്ഥലങ്ങളിൽ പഞ്ചായത്തുകളിൽ ഇന്നും സംവരണവ്യവസ്ഥ പാലിച്ചിട്ടില്ല. നെയ്യാറിൻകരയിൽ പല പഞ്ചായത്തുകളിൽ സംവരണവ്യവസ്ഥ അനുസരിച്ചുള്ള സീറ്റു് ഇല്ല. അതാണു് ഞാൻ പറഞ്ഞതു് ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ തെറ്റായ നടപടികളുടേയും, പെരുമാറ്റത്തിന്റെയും ക്രമക്കേടുകളുടേയും എല്ലാം ഫലമായിട്ടാണു് ഇങ്ങനെ സീറ്റു റിസർവുചെയ്യാതെ പോയിട്ടുള്ളതു്.

ശ്രീ. പി. കെ. രാഘവൻ : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കണക്കനുസരിച്ചാണെങ്കിൽ ഒരു ജില്ലയിൽ 30 മെമ്പർമാരുണ്ടെങ്കിൽ പട്ടികജാതി പട്ടികവർഗ്ഗക്കാരിൽപ്പെട്ട മൂന്നു് മെമ്പർമാർക്കു് പ്രാതിനിദ്ധ്യം കിട്ടുകയില്ലേ ?

ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി : നിശ്ചയമായും അതു് കിട്ടും. ഈ ബില്ലിൽ അങ്ങനെ വ്യവസ്ഥ ചെയ്യണമെന്നതന്നെയാണു് ഞാൻ പറയുന്നതു്. സെലക്ട് കമ്മിറ്റി കാണിച്ചിട്ടുള്ള ഈ തെറ്റു തീർച്ചയായും മാറ്റാൻ സാധിക്കുമെന്നാണു് എനിക്കു് തോന്നുന്നതു്. അങ്ങനെ മാറുന്നതിനുള്ള നടപടികളും ബഹുമാനപ്പെട്ട മന്ത്രി എടുക്കണമെന്നു് ഞാൻ അഭ്യർത്ഥിക്കുകയാണു്.

സർ, ഈ ബില്ലിന്റെ മറ്റു പ്രവർത്തന കാര്യങ്ങളിലേയ്ക്കു ഞാൻ കടക്കുന്നില്ല. ഇതിൽ ജില്ലാപ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള ചിലവുകളിലേയ്ക്കു നമ്മുടെ സംസ്ഥാന ഗവണ്മെന്റിന്റെ ചെലവുകൾക്കു കേന്ദ്ര ഗവണ്മെന്റു കൊടുക്കുന്നതുപോലെ ഓരോ ജില്ലയുടെയും ഭരണകാര്യങ്ങൾക്കായി അതാതു കാലങ്ങളിൽ ഗവണ്മെന്റു ലോണായും ഗ്രാന്റായും തുക അനുവദിക്കുന്ന സംപ്രദായം ഉണ്ടായിരുന്നാൽകൊള്ളാം എന്നാണു് ഞാൻ കരുതുന്നതു്. സർ, തന്നെയുമല്ല ഈ ബിൽ അവതരിപ്പിക്കുന്ന കാലഘട്ടത്തിൽ തന്നെ നമ്മുടെ രാജ്യത്തു എല്ലാ ഭാഗങ്ങളിലുമുള്ള ഉദ്യോഗസ്ഥന്മാർക്കും ചില അതൃപ്തിയുണ്ടായിട്ടുണ്ടു്. എല്ലാ ഉദ്യോഗസ്ഥന്മാരുടേയും അതൃപ്തി ഉണ്ടായി എന്നു ഞാൻ പറയുന്നില്ല, പക്ഷേ നമ്മുടെ സംസ്ഥാനത്തു നിലനിന്നുപോകുന്ന മേധാവിത്വം വീണ്ടും അതു പുലർത്തി കൊണ്ടുപോകുന്നതിനും കഴിഞ്ഞ കാലത്തു വർഗ്ഗീയ വിവേചനങ്ങളും വച്ചുകൊണ്ടു സാധാരണക്കാരോടു കാണിച്ചിരുന്ന കാഴ്ചപ്പാടു തുടരുന്നതിനും ആഗ്രഹിച്ചിരുന്നവർക്കു നിരാശ നൽകുന്ന ഒരു ബില്ലാണു് ഇതു്. എങ്കിൽപോലും ഇന്നും അതു നിലനിൽക്കുന്നുവെന്നു പറയുവാൻ ഞാനാഗ്രഹിക്കുകയാണു്. ഞാനൊരു ദാഹരണം പറയാം. ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറിലെ ഒരു ഉദ്യോഗസ്ഥന്റെ സീനിയോറിറ്റിയെ സംബന്ധിച്ചിടത്തോളം ആ ഡിപ്പാർട്ടുമെൻറിൽ ഒരു തർക്കം ഉണ്ടായി. ആ തർക്കം കോടതിയിൽ പോയി. കോടതിയിൽ നിന്നും ആ ഹരിജന ഉദ്യോഗസ്ഥനു അനുകൂലമായ വിധിയുണ്ടായി. അതു തിരിച്ചു ഗവണ്മെൻറിന്റെ പരിഗണനയിൽ വരികയും ഗവണ്മെൻറു പരിശോധിക്കാതെ ഏതാനും ഉദ്യോഗസ്ഥന്മാരുടെ റിപ്പോർട്ടുകളും കൊറികളുമൊക്കെ കഴിഞ്ഞ രണ്ടു ദിവസം മുമ്പു് മുഖ്യമന്ത്രിയുടെ അടുത്തു ചെല്ലുകയും മുഖ്യമന്ത്രി അതിനു ഒരു ഓർഡർ ഇടുകയും ചെയ്തിട്ടുണ്ടു്. ഇന്നലെ അതിന്റെ എതിരാളിയായ ഉദ്യോഗസ്ഥൻ—ഞാൻ ഇപ്പോൾ പേരു പറയുന്നില്ല.—സെക്രട്ടറിയേറ്റിൽ ഓടി നടന്നു കുറെ ഫയലുകളും വച്ചുകൊണ്ടു എന്തോ ഡിപ്പാർട്ടുമെൻറു ചർച്ചകളും നടത്താനാണെന്നു പറഞ്ഞുകൊണ്ടു ആ ഫയൽ സ്വാധീനപ്പെടുത്തി ചീഫ് സെക്രട്ടറിയുടെ അടുക്കലേയ്ക്കു കൊണ്ടുപോയിരിക്കുകയാണു്. ഏതാനും ഉദ്യോഗസ്ഥന്മാരെ സ്വാധീനപ്പെടുത്താനും പാവപ്പെട്ട ആളുകളെ അല്ലെങ്കിൽ സ്വാധീനശക്തിയില്ലാത്ത ആളുകളെ തരം താഴ്ത്താനും മടിക്കാത്ത ഉദ്യോഗസ്ഥമെഷിനറിക്കു കോട്ടം വരുമെന്നുള്ളതിൽ യാതൊരു തർക്കവുമില്ല. അങ്ങനെ അടുത്ത ഭാവിയിൽ നമ്മുടെ രാജ്യത്തെ വികസന പ്രവർത്തനങ്ങൾക്കും നമ്മുടെ രാജ്യത്തെ ഭരണ സംവിധാനങ്ങൾക്കും സാരമായ ഒരു മാറ്റം വരുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നിരിക്കുന്ന ഈ ബില്ലിനെ ഒരിക്കൽകൂടി സ്വാഗതം ചെയ്തുകൊണ്ടു ഞാൻ എന്റെ പ്രസംഗം ഉപസംഹരിക്കുന്നു.

ശ്രീ. ജോസഫ് ചാഴിക്കാടൻ : സർ, ഈ പഞ്ചായത്തു രാജു ബിൽ ഇപ്പോഴെങ്കിലും ഇവിടെ കൊണ്ടുവരുന്നതിനും അതുമൂലം കുറെ അധികാരങ്ങൾ വിട്ടുകൊടുക്കത്തക്കവണ്ണമുള്ള ആവശ്യമായ ഭേദഗതികളും കൊണ്ടുവരുന്നതിനും സൗകര്യം നൽകിയ ഇതിലെ ഭാരവാഹികളെ ആദ്യമായി ഞാൻ അഭിനന്ദിക്കുകയാണു്. ഈ പഞ്ചായത്തു രാജ്^ബില്ലിൽ ആദ്യമേ അതിന്റെ പേരിനെ സംബന്ധിച്ച അഭിപ്രായ വ്യത്യാസം ഉണ്ടായി. സെലക്ട് കമ്മിറ്റി ഒരു പേരു കൊണ്ടുവന്നിട്ടുണ്ടു്. 'കേരളാ പഞ്ചായത്തിരാജ്^ ആക്ട്' എന്ന ആദ്യത്തെ പേരുമാറ്റി 'കേരള തദ്ദേശഗവണ്മെൻറ് ആക്ട്

LIBRARY ARCHIVES Kerala Legislative Assembly

എന്നാക്കിയിട്ടുണ്ട്. പഞ്ചായത്തി രാജ്ജ് എന്നു പറയുമ്പോഴും ഈ രാജ്ജ് എന്നുള്ളതിൽ എതാണ്ട് അസുഖം തോന്നുന്നതുകൊണ്ട് ഇപ്പോഴത്തെ ഈ തദ്ദേശ ഗവണ്മെൻറ് ആക്ററ് എന്നാക്കിയിരിക്കുന്നതുതന്നെയാണ് നല്ലതെന്നുള്ള അഭിപ്രായമാണ് എനിക്കുമുള്ളത്. ഇന്നലെ ഇവിടെ ബഹുമാനപ്പെട്ട മെമ്പറന്മാർ സംസാരിച്ചപ്പോഴും ഗ്രണ്ടോകേം എന്നു ചിലർ ഇവിടെ പറയുന്നതു കേട്ടു. അതു പറയാൻ പാടില്ലാത്ത വാക്കാണെന്നും പറയുന്നതു കേട്ടു. എന്നാൽ ഈ വാക്കിന്റെ ശരിയായ അർത്ഥം എന്തായിരിക്കണമെന്നുള്ളതു അറിയുവാൻ വേണ്ടി ഇവിടുള്ള ലൈബ്രറിയിൽ ചെന്നു അവിടെ ഉണ്ടായിരുന്ന സകല പുസ്തകങ്ങളും പരിശോധിച്ചു. അവിടെ നിന്നും ചീഫ് ലൈബ്രേറിയനെ വിളിച്ചു. ഡിക്ഷണറി പരിശോധിക്കുന്ന ആളെ വിളിച്ചു. ഞങ്ങളും എല്ലാവരും കൂടിയിട്ടു ഗ്രണ്ടോ എന്നുള്ളതു എന്തായിരിക്കുമെന്നു മനസ്സിലാക്കാൻ സാധിച്ചില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഇവിടെ തന്നെയുള്ള ഹിന്ദി–മലയാളം ഡിക്ഷണറിയിൽ ഗ്രണ്ടോ എന്ന പദത്തിനു തെമ്മാടി എന്നാണ് മലയാളത്തിൽ അർത്ഥം നൽകിയിരിക്കുന്നതു്. അതു തന്നെയായിരിക്കും ഗ്രണ്ടോ എന്ന വാക്കിന്റേയും അർത്ഥം.

ശ്രീ. ജോസഫ് ചാഴിക്കാട്ട് : അതുതന്നെയായിരിക്കുമെന്നു പറയാതെ അതു തന്നെയാണെന്നു പറയണം. ചിലപ്പോഴും അങ്ങനെയല്ലെന്നായിരിക്കും ഞാൻ വിചാരിക്കുന്നതു്. അതുകൊണ്ടു അതുതന്നെയായിരിക്കുമെന്നു പറഞ്ഞാൽ ഈ വാക്കിന്റെ ശരിയായ അർത്ഥം പഠിക്കുവാൻ ആഗ്രഹിച്ചു പുസ്തകങ്ങളെല്ലാം പരിശോധിക്കുന്ന എനിക്കു തൃപ്തിയാകുമോ ? ശരിയായ പൂർണ്ണമായ അർത്ഥം എന്താണെന്നു കണ്ടുപിടിച്ചു മറുപടി പറയുവാനാണ് ലൈബ്രറിയിൽ ചെന്നു പുസ്തകമെല്ലാം പരിശോധിച്ചതു്.

ശ്രീ. സി. ബി. ചന്ദ്രശേഖരവാര്യർ : ലക്സിക്കണിലെ ഉദ്യോഗസ്ഥന്മാരോടു ഈ വാക്കിനൊരു ശരിയായ അർത്ഥം കണ്ടുപിടിച്ചു അതുംകൂടി ഉൾപ്പെടുത്തുവാൻ ആവശ്യപ്പെട്ടാലോ ?

ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഇന്നലെ ഇവിടെപറഞ്ഞ ഗ്രണ്ടോ എന്ന വാക്കിന്റെ ശരിയായ അർത്ഥം കണ്ടുപിടിച്ചിട്ടു അതിനു ഇവിടെ വന്നു ഈ ജനപ്രതിനിധികളോടു മറുപടി പറയുന്നതിനു ലക്സിക്കണിലെ ഉദ്യോഗസ്ഥന്മാർ അതെല്ലാം ഉൾപ്പെടുത്തിയതിനുശേഷം മതിയോ ? ഈ പറയുന്ന ഗ്രണ്ടോകേംകൊണ്ടും ഗ്രണ്ടോ എന്ന വാക്കിന്റെ അർത്ഥം മനസ്സിലാകാതെയാണ് അതു പറയുന്നതു്. ഗ്രണ്ടോ എന്ന വാക്കിന്റെ ശരിയായ അർത്ഥം ഒരിടത്തും വന്നിട്ടില്ല.

ശ്രീ. എം. മൊയ്തീൻകുട്ടി ഹാജി : ഗ്രണ്ടോ എന്നതു സ്ത്രീലിംഗമാണോ, പുല്ലിംഗമാണോ ?

ശ്രീ. ജോസഫ് ചാഴിക്കാട്ട് : അതിന്റെ ലിംഗം കാണുന്നില്ല. അങ്ങനെയൊരു വാക്കും കാണുന്നില്ല. ലിംഗം കാണാത്തതുകൊണ്ടു സ്ത്രീലിംഗമാണോ പുല്ലിംഗമാണോ എന്നറിയുവാനും സാധിക്കുന്നില്ല. ലിംഗം തന്നെയുണ്ടോ എന്നറിയുവാൻ സാധിക്കുന്നില്ല. നമ്മുടെ പല കാര്യങ്ങളിലും ഉപയോഗിക്കുന്ന പദങ്ങളുടെ ശരിയായ അർത്ഥം മനസ്സിലാക്കാതെയാണ് ഉപയോഗിക്കുന്നതു്. ഇപ്പോഴും തന്നെ പറയുന്നതു കേട്ടില്ലേ ഗ്രണ്ടോയെന്നായിരിക്കുമെന്നു്. അതുപോലെ ഈ ബില്ലിൽ ജില്ലാ പരിഷത്തു എന്ന പദം തികച്ചും അനുയോജ്യമല്ലെന്നും അതിന്റെ പേരു ജില്ലാ കൗൺസിൽ എന്നാക്കണമെന്നും സെലക്ററ് കമ്മിറ്റി പറഞ്ഞിട്ടുണ്ട്. എന്താണു് ഈ ജില്ലാ പരിഷത്തു് ? എനിക്കു പറയുവാനുള്ളതു നാം നിയമം ഉണ്ടാക്കുമ്പോൾ ആ നിയമത്തിൽ കൊണ്ടുവരുന്ന വാക്കുകൾ ജനങ്ങൾക്കു പൊതുവേ മനസ്സിലാകുന്ന അർത്ഥത്തിലുള്ളതായിരുന്നാൽ കൊള്ളാമെന്നുള്ളതാണു്. അതുകൊണ്ടു ജില്ലാ പരിഷത്തു് എന്നതു മാറ്റി ജില്ലാ സമിതിയെന്നാക്കുന്ന സെലക്ററ് കമ്മിറ്റിയുടെ

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായത്തോട് എനിക്ക് യോജിപ്പാണുള്ളത്. ഈ രണ്ട് പേരുമാറ്റവും, ജില്ലാ പരിഷത്തെന്നുള്ളത് ജില്ലാ കൗൺസിൽ എന്ന മാറ്റിയിരിക്കുന്നതും സ്വാഗതാർഹമാണ്. പിന്നെയിവിടെ പ്രസംഗിച്ചുകേട്ടത് ജനങ്ങളിലേയ്ക്ക് അധികാരം പകർന്നുകൊടുക്കുന്ന ഒരു ബില്ലാണ് ഇതെന്നാണ്. ഈ ബില്ലിന്റെ സ്വഭാവം അതാണെന്നാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അധികാരം ജനങ്ങളിലേയ്ക്ക് പകർന്നുകൊടുക്കത്തക്കവണ്ണം ഇതിൽ പല വകുപ്പുകളും ഇല്ല. കൃഷി, ഇലക്ഷൻ, വിദ്യാഭ്യാസം ഇങ്ങനെ ഓരോന്നും വായിച്ചുനോക്കിയാലും ജനങ്ങളിലേയ്ക്ക് പോയിട്ടുള്ള വേറെ അധികാരം കാണുകയില്ല. വെറും കടലാസിൽ കൂടിയുള്ള അധികാരമല്ലാതെ വേണ്ടിടത്തോളം അധികാരം ജനങ്ങൾക്ക് വിട്ടുകൊടുക്കുന്ന വകുപ്പുകൾ ഈ ബില്ലിൽ കുറവാണ്. ഇവിടെ ഡെമോക്രസി വന്നിട്ട് കുറെ നാളായല്ലോ ? എന്താണ് ഫലം. ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട് 20 വർഷമായി. അതുമുതൽ കാലം ഇവിടെ ഡെമോക്രസി വളർന്നിട്ടുണ്ട്. വളർത്തി വളർത്തി ഇപ്പോൾ ഡെമോക്രസി പോയി, ഡെമോക്രസിയെ ഇല്ലാണ്ടാക്കി. ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട ജനങ്ങൾക്ക് വേണ്ടിയുള്ള ജനങ്ങളുടെ ഭരണമാണോ ഇന്ന് രാജ്യത്ത് നടക്കുന്നതെന്ന എനിക്ക് സംശയമുണ്ട്. നമ്മുടെ നിയമസഭാ സാമാജികന്മാരെല്ലാം ജനങ്ങളുടെ വോട്ട് വാങ്ങി തെരഞ്ഞെടുക്കപ്പെട്ടുവന്നിരിക്കുന്ന ആളുകളാണെങ്കിൽ കൂടിയും ഇവിടെ വന്നിട്ടുള്ള അവർ പാർട്ടിയുടെ ഗുണത്തിനും പാർട്ടിക്ക് ദോഷം വരികയാണെങ്കിൽ അതു തടയുന്നതിനും പാർട്ടി വളർത്തുന്നതിനുമാണ് ശ്രമിക്കുന്നത്. നിയമസഭയിൽ വന്ന് ആ സ്ഥലത്തുള്ള ആളുകളുടെ ആവശ്യങ്ങളെപ്പറ്റി പറയുന്നതിന് പലപ്പോഴും ശ്രമിക്കാറില്ല. രാജ്യത്തിനും ജനങ്ങൾക്കും പൊതുവായ താൽപ്പര്യങ്ങൾ പറയുന്നതിനെക്കാൾ കൂടുതലായിട്ട് പാർട്ടി ഗുണവും പാർട്ടി താൽപ്പര്യവും പാർട്ടിയുടെ അഭിവൃദ്ധിയും കണക്കിലെടുത്ത് പാർട്ടിയെ എങ്ങനെ മുമ്പോട്ടുകൊണ്ടുപോകാം എന്ന രീതിയിലുള്ള പ്രവർത്തനമാണ് നടത്തുന്നത്. ഇപ്പോൾ സർക്കാർ വച്ചുകൊണ്ടിരിക്കുന്ന അധികാരങ്ങളിൽ പലതും ജനങ്ങളിലേയ്ക്ക് പകർന്നുകൊടുത്ത് ജനങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി സമയത്തിനും കാലത്തിനും ചെയ്യേണ്ടതു അപ്പോൾ തന്നെ ചെയ്യാൻ വേണ്ടി കുറെ അധികാരമെല്ലാം ജില്ലയ്ക്കും പഞ്ചായത്തിനും വിട്ടുകൊടുത്ത് കുറെ അഭിവൃദ്ധി ജനങ്ങൾക്ക് പൊതുവായി വരുത്തുവാനാണ് ഈ ബിൽ കൊണ്ട് ഉദ്ദേശിച്ചിരിക്കുന്നതെങ്കിലും. ഈ ബിൽ മുഴുവനുമായി വായിച്ചുനോക്കുമ്പോൾ ജനങ്ങൾക്ക് കിട്ടേണ്ടതായിട്ടോ കൊടുക്കേണ്ടതായിട്ടോ ഉള്ള അധികാരങ്ങൾ മുഴുവൻ കൊടുത്തിട്ടില്ല ഈ ബില്ലിൽ എന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്. അതുകൊണ്ട് ഈ നിയമം ഡിസ്കസ് ചെയ്യുന്ന അവസരത്തിൽ എവിടെയെല്ലാം ജനങ്ങൾക്ക് പൂർണ്ണമായ അധികാരമാവശ്യമുണ്ടോ അവിടെയെല്ലാം പൂർണ്ണമായ അധികാരം കൃഷിയിലായാലും കച്ചവടത്തിലായാലും വിദ്യാഭ്യാസത്തിലായാലും മറ്റു കാര്യങ്ങളിലായാലും ജില്ലാ കൗൺസിലിനു വിട്ടുകൊടുക്കേണ്ടതാണ്.

<u>ശ്രീ. കെ. എം. മാണി</u> : ഒരു ചോദ്യം : ഈ അധികാരം ജനങ്ങളിലേയ്ക്ക് പകർന്നുകൊടുക്കുന്നതിനു എതിരായ അഭിപ്രായം അങ്ങേഭാഗത്തുനിന്നും വന്നിട്ടുള്ളതിനെക്കുറിച്ച് എന്താണ് പറയുന്നത്.

<u>ശ്രീ. ജോസഫ് ചാഴിക്കാടൻ</u> : അധികാരം പകർന്നു കൊടുക്കുവാൻ വിഷമമാണെന്നോ ? വേണ്ട. മുഴുവനും വച്ചോട്ടേ. ജനങ്ങളിലേയ്ക്ക് അധികാരം ഏറ്റവും കൂടുതൽ പകർന്നുകൊടുക്കുവാനാണ് ഈ ബിൽ കൊണ്ട് ഉദ്ദേശിച്ചിരിക്കുന്നതെങ്കിൽ തന്നെയും ഇതിലെ വകുപ്പുകൾ മുഴുവൻ വായിച്ചുനോക്കുമ്പോൾ ഫലത്തിൽ അതുണ്ടാകുന്നില്ല എന്നു കാണാൻ കഴിയും. പൊതുവായി അധികാരം പകർന്നു കൊടുക്കുന്നുവെന്നുപറഞ്ഞിട്ട് പിന്നെ താഴോട്ട് പല റെസ്ട്രിക്ഷനും വച്ചിരിക്കുകയാണ്. ഏതു കാര്യമെടുത്തുനോക്കിയാലും അതുതന്നെയായിരിക്കും സ്ഥിതി. ചില പാർട്ടിക്കാർക്ക് പൊതുജനങ്ങൾക്ക് ഇപ്രകാരം അധികാരം പകർന്നുകൊടുത്താൽ അതു പാർട്ടി പ്രവർത്തനത്തിനു പ്രതിബന്ധമായി വന്നേക്കുമെന്നുള്ള സംശയം വച്ചുകൊണ്ടാണ് അതിനു എതിരഭിപ്രായം പലരും പുറപ്പെടുവിക്കുന്നതെന്നാണ് എന്റെ

LIBRARY ARCHIVES Kerala Legislative Assembly

അഭിപ്രായം, അതുകൊണ്ട നമ്മൾ ഈ നിയമം പാസ്സാക്കുമ്പോൾ പാർട്ടിയെല്ലാം എടുത്തു ദൂരെ കളഞ്ഞു നിയമം പാസ്സാക്കാം. ഇപ്പോൾ നമ്മൾ ഈ നിയമം ഇവിടെ പാസ്സാക്കിവച്ചാലും നിയമമായിരിക്കുകയില്ലല്ലോ ഇതു നടപ്പിലാക്കുക. അന്നു വേറെ ആണങ്ങൾ വരും. അതുകൊണ്ട അന്നു നടപ്പിലാക്കുവാൻ പൊതുജനങ്ങളിലേയ്ക്കു കൂടുതൽ അധികാരം പകർന്നു കൊടുക്കത്തക്കവണ്ണം ഒരു ബിൽ നാം ഉണ്ടാക്കണം. കേരളീയർ വിദ്യാഭ്യാസത്തിലും മറ്റു പല കാര്യങ്ങളിലും മുന്നണിയിലാണു് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു. മറ്റു പല സംസ്ഥാനങ്ങൾക്കും നാം മാതൃക കാണിച്ചുകൊടുത്തിട്ടുണ്ടു്. ഈ ബില്ലു പാസ്സാക്കിയാലും അതു ഇവിടെ എപ്രകാരം നടപ്പിലാക്കുന്നു എന്നു കണ്ടിട്ടായിരിക്കും മറ്റുള്ളവർ ബില്ലു പാസ്സാക്കിയെടുക്കുക. അതുകൊണ്ട ഈ നിയമം എല്ലായിടത്തും മാതൃകയായിരിക്കുവാൻ പൊതുജനങ്ങൾക്കു വേണ്ടത്ര അധികാരം പകർന്നുകൊടുക്കണമെന്നുള്ളതാണു് എന്റെ അഭിപ്രായം.

ശ്രീ. എം. രാമുണ്ണി : സർ, ഒരു ചോദ്യം. അങ്ങു് ഒരു പാർട്ടിയുടെ പ്രതിനിധിയല്ലയോ ? ഒരു പാർട്ടി പ്രതിനിധിയെ ഒരു പ്രതിനിധിയാക്കി മാറ്റുവാനുള്ള നിർദ്ദേശം വല്ലാമോ ?

ശ്രീ. ജോസഫ് ചാഴിക്കാടൻ : എന്റെ നിയോജക മണ്ഡലത്തിലുള്ള ആളുകളുടെ വോട്ടെല്ലാം തന്നു എന്നെ ജയിപ്പിച്ചു. അവിടത്തെ ജനങ്ങൾക്കുവേണ്ടി തന്നെ ഞാൻ പറയും. അതു എന്റെ പാർട്ടിക്കുള്ളിൽ നിന്നുകൊണ്ട അതിന്റെ ലൈനിൽ കൂടി പോയാൽ വളരെ നല്ലതു്. പാർട്ടി അതിനു പ്രയോജനകരമായി നിൽക്കുകയില്ലെന്നു എപ്പോൾ തോന്നുന്നു അപ്പോൾ പാർട്ടിവിട്ടു പുറത്തു പോരും. ഇവിടെ കാണുന്നതു അതല്ല.

ജയിച്ചുവന്നുകഴിഞ്ഞാൽ പിന്നെ ജനങ്ങളുടെ താൽപ്പര്യമേ നോട്ടമില്ല. അപ്പടി പിന്നെ പാർട്ടിയാണു്.

ശ്രീ. മറ്റപ്പള്ളി മജീദു് : ബഹുമാനപ്പെട്ട മെമ്പർ പാർട്ടിയുടെ പ്രതിനിധിയാണോ, ജനപ്രതിനിധിയാണോ ?

ശ്രീ. ജോസഫ് ചാഴിക്കാടൻ : എന്നെ ജനങ്ങളുടെ ആവശ്യങ്ങൾ പറയുന്നതിനു വേണ്ടിയാണു് ഭൂരിപക്ഷം വോട്ടു നൽകി അയച്ചിട്ടുള്ളതു്. അതിനു പാർട്ടിയുമായി പിശകേണ്ടി വരികയാണെങ്കിൽ അങ്ങനേയും ചെയ്യും.

Mr. Chairman (Shri J. A. Chacko) : You may continue your speach on Monday.

ശ്രീ. ജോസഫ് ചാഴിക്കാടൻ : ഞാനും അതുതന്നെയാണു് ഉദ്ദേശിച്ചിരുന്നതു്.

VI PRIVATE MEMBERS' BUSINESS

(a) Ninth Report of Committee on Private Members Bills & Resolution

ശ്രീ. കെ. കെ. അബു : സ്വകാര്യ അംഗങ്ങളുടെ ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച കമ്മിറ്റിയുടെ 1969-ലെ ഒമ്പതാമത്തെ റിപ്പോർട്ടു് പരിഗണനക്കെടുക്കണമെന്നു സഭ മുമ്പാകെ അപേക്ഷിക്കുന്നു.

10 A M]

Shri T. K. Krishnan : I second it.

The motion was put and carried.

(b) The Munnar Township Bill, 1969.

Shri N. Ganapathy : I introduce the Munnar Township Bill, 1969.

LIBRARY ARCHIVES Kerala Legislative Assembly